ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ താമസിച്ചുവരുന്ന 412 കുടുംബങ്ങൾക്ക് ഭൂമി പതിച്ചു നൽകാൻ ബാക്കിയുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ താമസിച്ചുവരുന്ന പ്രസ്തുത വിഭാഗത്തിലെ 650 കുടുംബങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമി പതിച്ചുനൽകിയിട്ടുണ്ട്.

കാസർഗോഡ് താലൂക്ക്	-	368
ഹോസ്ദുർഗ് താലൂക്ക്	-	96
വെള്ളരിക്കുണ്ട് താലൂക്ക്	-	179
മഞ്ചേശ്വരം താലൂക്ക്	-	7
ആകെ	-	650

(സി) ഉണ്ട്. കാസർഗോഡ് ജില്ലയിലെ അർഹരായ മുഴുവൻ കോളനി നിവാസികൾക്കും ഭൂമി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കുന്നംകുളം ആസ്ഥാനമായി പുതിയ താലൂക്ക്

149(3029) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂവിസ്തൃതി കൊണ്ടും, വില്ലേജുകളുടെ എണ്ണം കൊണ്ടും ഏറ്റവും വലിയ താലൂക്കായ തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിനെ വിഭജിച്ച് കുന്നംകുളം ആസ്ഥാനമായി പുതിയ താലൂക്ക് അനുവദിക്കണമെന്ന ആവശ്യവുമായി ബന്ധപ്പെട്ട് എം. എൽ. എ. നൽകിയ കത്തിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) 74 വില്ലേജുകൾ ഉൾപ്പെടുന്നതിനാൽ ജോലി ഭാരം നിമിത്തം നിശ്ചിത സമയ പരിധിക്കുള്ളിൽ അപേക്ഷകർക്ക് സേവനം ലഭ്യമാകുന്നില്ലായെന്നതു കണക്കിലെടുത്ത് പ്രസ്തുത താലൂക്കിനെ വിഭജിച്ച് കുന്നംകുളം ആസ്ഥാനമായി പുതിയ താലൂക്ക് അനുവദിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കുന്നംകുളം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്നതു സംബന്ധിച്ച വിഷയത്തിൽ ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly